III ശ്രദ്ധക്ഷണിക്കൽ

(1) എറണാകുളം ജില്ലയിലെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. രാജേന്ദ്രൻ]

ഡോ. എം. എ. കുട്ടപ്പൻ : സർ, കൊച്ചിയിലെ തീരപ്രദേശങ്ങളിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമത്തെക്കുറിച്ച് ഈ സഭ നിലവിൽ വന്നശേഷമുള്ള എല്ലാ സമ്മേളനങ്ങളിലും ഞാൻ സബ്മിഷനും മറ്റും ഉന്നയിച്ചിരുന്നതാണ്. ഇന്നിപ്പോൾ എറണാകുളം ജില്ലയിലെ എല്ലാ പ്രദേശങ്ങളിലും പ്രത്യേകിച്ച് തീര പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം ഭയാജനകമായി വന്നിരിക്കുകയാണ്. കൊച്ചി കോർപ്പറേഷൻ ഏരിയായിൽ കടമക്കുടി അടക്കമുള്ള ഞാറയ്ക്കൽ, മട്ടാഞ്ചേരി, പള്ളുരുത്തി, പറവൂർ, വടക്കേക്കര തുടങ്ങിയ പ്രദേശങ്ങളിൽ ഇന്ന് കുടിവെള്ളക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. ഏത് ദിവസത്തെ പത്രമെടുത്ത് നോക്കിയാലും കുടിനീർ കിട്ടാൻ വേണ്ടിയുള്ള സമരവുമായിട്ട് ബന്ധപ്പെട്ട വാർത്തയില്ലാത്ത പത്രങ്ങൾ വായിക്കാൻ കഴിയുകയില്ല. കൊച്ചിയിലെയും പശ്ചിമകൊച്ചിയിലെയും കുടിവെള്ളക്ഷാമം അത്രയേറെ രൂക്ഷമായിരിക്കുകയാണ്. ഏറ്റവും അതിരൂക്ഷമായിരിക്കുന്നത് ഞാറയ്ക്കൽ മണ്ഡലത്തിലെ വൈപ്പിൻ പ്രദേശത്താണ്. അവിടെ ഇപ്പോൾ ജനങ്ങൾ നിത്യേന കൂട്ടം കൂടി വന്ന് പഞ്ചായത്ത് മെമ്പർമാരെയും പ്രസിഡന്റുമാരെയും പൂട്ടിയിടുന്നു. അവിടത്തെ എം.എൽ.എ. എന്ന നിലയിൽ എന്നെയും പലപ്പോഴും ജനങ്ങൾ തടഞ്ഞു വച്ചിട്ടുണ്ട്. അവർ അത്രത്തോളം വെള്ളത്തിനുവേണ്ടി ബുദ്ധിമുട്ടുകയാണ്. മട്ടാഞ്ചേരിയിലേയും പള്ളുരുത്തിയിലേയും അനുഭവം വ്യത്യസ്തമല്ല. വടക്കേക്കര എം.എൽ.എ. കൂടിയായ നമ്മുടെ ശ്രീ. എസ്. ശർമ്മയ്ക്ക് പോലും ജനങ്ങളുടെ രോഷത്തിൽ നിന്നും ഒഴിഞ്ഞു മാറാൻ കഴിഞ്ഞില്ല. അദ്ദേഹത്തെപ്പോലും ജനങ്ങൾ ഒരു ദിവസം വെള്ളത്തിനുവേണ്ടി തടഞ്ഞ് വച്ച് ബഹളമുണ്ടാക്കി. ചുരുക്കിപ്പറഞ്ഞാൽ എറണാകുളം ജില്ലയുടെ പശ്ചിമതീരം മുഴുവൻ ഇന്ന് ജലക്ഷാമത്തിന്റെ പാരമ്യത്തിൽ എത്തിയിരിക്കുകയാണ്. ജനപ്രതിനിധികൾക്ക് പുറത്തിറങ്ങാൻ കഴിയാത്ത അവസ്ഥ ഉണ്ടായിരിക്കുന്നു. ഇത് നിത്യ സംഭവമായിരിക്കുകയാണ്. കഴിഞ്ഞ രണ്ടുമൂന്നു വർഷമായി പശ്ചിമ കൊച്ചിയിലെ വൈപ്പിൻ കരയിൽ വർഷത്തിൽ മുഴുവൻ ടാങ്കർ ലോറിയിലും ബാർജിലും ആണ് വെള്ളം കൊടുക്കുന്നത്. നാൽപ്പതോ അൻപതോ വർഷങ്ങൾക്ക് മുമ്പ് മെയിൻ ലാൻഡിൽ നിന്നും കായലിന്റെ അടിയിലൂടെ വൈപ്പിനിലേക്ക് പൈപ്പിട്ടിരുന്നു. ആ പൈപ്പ് പൊട്ടിയോ എന്ന് ആർക്കും അറിയില്ല. അത് കായലിന്റെ അടിയിലാണ് കിടക്കുന്നത്. തത്ഫലമായി വൈപ്പിൻ കരയിൽ ഈ പൈപ്പിലൂടെ വെള്ളം എത്തുന്നില്ല. 1997-ൽ ഉണ്ടായ അതിഭയങ്കരമായ കുടിവെള്ള സമരത്തെ

LIBRARY ARCHIVES Kerala Legislative Assembly

തുടർന്ന് കൊച്ചി നഗരം സ്തംഭിച്ചു. ആ സമരത്തെ തുടർന്ന് 1997 ഫെബ്രുവരി മാസം 4-ാം തീയതി അന്നത്തെ ഇറിഗേഷൻ വകുപ്പുമന്ത്രി തിരുവനന്തപുരത്ത് യോഗം വിളിച്ചുകൂട്ടി. ആ യോഗത്തിൽ വച്ച് എടുത്ത തീരുമാനം അദ്ദേഹം രേഖാമൂലം പ്രഖ്യാപിക്കുകയുണ്ടായി. കൊച്ചിക്കും മട്ടാഞ്ചേരിക്കും പള്ളുരുത്തിക്കും വൈപ്പിനും വേണ്ടിയുള്ള ഹഡ്കോ കുടിവെള്ള പദ്ധതി, അതിന്റെ വൈപ്പിൻ ഘടകം 1998 ഒക്ടോബറിലും ഹഡ്കോ പദ്ധതി മുഴുവനായി 1999 ഫെബ്രുവരിയിലും, പൂർത്തീകരിക്കുമെന്നായിരുന്നു രേഖാമൂലമുള്ള ആ പ്രഖ്യാപനം. മാത്രമല്ല എന്നാണോ ഹഡ്കോ പദ്ധതി പൂർത്തിയാവുന്നത് അന്നുവരെ വൈപ്പിൻ കരയിൽ ബാർജിലും, ലോറിയിലുമായി വെള്ളം എത്തിക്കുമെന്ന് കൂടി ഉറപ്പ് നൽകിയിരുന്നു. അതിനുശേഷം വൈപ്പിൻകരയിൽ വെള്ളം സപ്ലൈ ചെയ്യുന്നത് ടാങ്കർ ലോറി വഴിയും ബാർജ് വഴിയുമാണ്. അത് ആവശ്യത്തിന് തികയുന്നില്ല. സപ്ലൈ ചെയ്യുന്ന വെള്ളം പോലും അപര്യാപ്തമാണ്. പക്ഷേ ഖേദകരമെന്ന് പറയട്ടെ അവിടെ വെള്ളം സപ്ലൈ ചെയ്യുന്ന കരാറുകാരന്, ടാങ്കർ ലോറിക്കാരന്, സമയത്ത് പണം കൊടുക്കാത്തതുമൂലം പലപ്പോഴും ടാങ്കർ ലോറിക്കാർ അവിടെ സമരത്തിലാണ്. ഒരു തുള്ളി വെള്ളം പോലും കിട്ടാനില്ല. ഉദാഹരണം പറയുകയാണെങ്കിൽ വൈപ്പിൻ കരയിൽ മാത്രം കുടിവെള്ളം സപ്ലൈ ചെയ്ത വകയിൽ കരാറുകാരന് 55 ലക്ഷം രൂപ കൊടുക്കാനുണ്ട്. കടമക്കുടിയിലാകട്ടെ 30 ലക്ഷം രൂപ കൊടുക്കാനുണ്ട്. തത്ഫലമായി ഏതാണ്ട് ഒന്നര ആഴ്ച മുമ്പ് വൈപ്പിൻകരയിൽ വെള്ളം സപ്ലൈ ചെയ്തുകൊണ്ടിരുന്ന കരാറുകാരൻ ലോറിയിൽ വെള്ളം കൊടുത്തിരുന്നത് നിർത്തി. തുടർന്ന് അവിടെ ഒരുതുള്ളി വെള്ളമുണ്ടായിരുന്നില്ല. രാഷ്ട്രീയ വ്യത്യാസം നോക്കാതെ പഞ്ചായത്ത് അംഗങ്ങളെയും യു.ഡി.എഫ്. ഭരിക്കുന്ന പഞ്ചായത്ത് സമിതിയേയും എൽ.ഡി.എഫ്. ഭരിക്കുന്ന സമിതിയേയും ജനങ്ങൾ പൂട്ടിയിടുകയാണ്. എം.എൽ.എ.ക്ക് ഇപ്പോൾ പുറത്തിറങ്ങാനാകുന്നില്ല. ജനങ്ങൾ തടഞ്ഞു വയ്ക്കുകയാണ്. സർക്കാർ കുടിവെള്ളം സപ്ലൈ ചെയ്ത കരാറുകാരന് പൈസ കൊടുക്കാതെ കരാറുകാരൻ വെള്ളം നൽകില്ല. താൽക്കാലിക സംവിധാനമാണല്ലോ ബാർജിൽ വെള്ളമെത്തിക്കുക എന്നത്. അങ്ങനെ വെള്ളം അവിടെ എത്തിച്ചു കൊള്ളാം എന്ന പ്രഖ്യാപനത്തിന് പുറമേ വൈപ്പിൻകരയിൽ പ്രതിവർഷം വെള്ളം സപ്ലൈ ചെയ്യാൻ വേണ്ടി ബഡ്ജറ്റിൽ 2 കോടി രൂപ വകയിരുത്തിയിട്ടും ഉണ്ട്. പക്ഷേ ആ പണം കൊടുക്കാൻ തയ്യാറാകുന്നില്ല. ഒന്നര ആഴ്ച മുൻപ് വൈപ്പിൻകരയിൽ കുടിവെള്ളക്ഷാമം മൂർച്ഛിച്ചു കഴിഞ്ഞപ്പോൾ, ടാങ്കർ ലോറി കരാറുകാരൻ സമരത്തിലായപ്പോൾ ഞാൻ തന്നെ ധനകാര്യസെക്രട്ടറിയെ വിളിച്ചിട്ട് അടിയന്തിരമായി പണം നൽകണമെന്ന് പറഞ്ഞു. എറണാകുളം ജില്ലാ കളക്ടറും എ.ഡി.എം.-ഉം ഒക്കെ അടിയന്തിരമായി ഫാക്സ് സന്ദേശം അയച്ചു കൊണ്ടിരിക്കുകയാണ്. ഒന്നര ആഴ്ചയ്ക്കുമുൻപ് 20 ലക്ഷം രൂപ എത്തിക്കാമെന്ന് പറഞ്ഞതാണ്. പക്ഷേ ഇതുവരെ പണം എത്തിയിട്ടില്ല. വീണ്ടും അവിടെ ലോറിക്കാർ സമരം ചെയ്യാൻ പോവുകയാണ്. കുടിവെള്ളം ഇല്ലാത്ത അവസ്ഥയാണ് അവിടെ നിലവിലുള്ളത്. താല്ക്കാലിക സംവിധാനങ്ങളാകെ പാളി തകർന്ന് തരിപ്പണമായിരിക്കുകയാണ്. പുറത്തിറങ്ങാൻ കഴിയാത്ത

LIBRARY ARCHIVES Kerala Legislative Assembly

അവസ്ഥയാണുള്ളത്. ഒരു തുള്ളി വെള്ളം പോലുമില്ല. ചുറ്റുപാടും വെള്ളമുണ്ട് പക്ഷേ ഉപ്പുവെള്ളം ആയതുകൊണ്ട് കുടിക്കാൻ കഴിയുകയില്ല. വടക്കേക്കരയിൽ പ്രശ്നമുണ്ട്, പറവൂരിൽ പ്രശ്നമുണ്ട്, വൈപ്പിൻകരയിൽ പ്രശ്നമുണ്ട്. എറണാകുളം കോർപ്പറേഷനിൽ പ്രശ്നമുണ്ട്, മട്ടാഞ്ചേരിയിൽ പ്രശ്നമുണ്ട്. അപ്പോൾ ഈ താൽക്കാലിക സംവിധാനം ഫലപ്രദമാകണമെങ്കിൽ കരാറുകാരന് കൊടുക്കാനുള്ള പണം കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഖജനാവിൽ പണമില്ലാത്തതിന്റെ പേരിൽ കൊടുക്കാൻ കഴിയുന്നില്ല എന്നാണ് ധനകാര്യ റിസോഴ്സ് വകുപ്പ് സെക്രട്ടറി പലപ്പോഴും പറയുന്നത്. ഇനിയും കൊടുക്കാതിരുന്നാൽ ഒരു തുള്ളി വെള്ളം പോലും കിട്ടാത്ത സ്തംഭനാവസ്ഥ ഉണ്ടാകും. താൽക്കാലിക സംവിധാനത്തിന് ബദലായി ഒരു സ്ഥിരം സംവിധാനം കൂടിവെള്ള പ്രശ്നം പരിഹരിക്കാൻ ഈ ഗവൺമെന്റ് ആലോചിച്ചതാണ്. എറണാകുളം ജില്ലയിൽ അങ്ങേയ്ക്ക് അറിയാവുന്നതുപോലെ 10 കോടി രൂപയ്ക്ക് മേലെ ചെലവു വരുന്ന ഏതൊരു പദ്ധതിക്കും കേന്ദ്ര ഗവൺമെന്റിന്റെ മിനിസ്ട്രി ഫോർ ഫോറിൻ അഫയേഴ്സ് ആന്റ് എംപ്ലോയിമെന്റിന്റെ അംഗീകാരം ആവശ്യമാണ്. സെൻട്രൽ പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് എൻവിയോൺമെന്റ് ഓർഗനൈസേഷൻ (സി.പി.എച്ച്.ഇ.ഇ.ഒ) എന്ന സ്ഥാപനത്തിന്റെ അംഗീകാരം ഉണ്ടെങ്കിൽ മാത്രമേ ഏതൊരു പദ്ധതിയും ആരംഭിക്കുവാൻ കഴിയുകയുള്ളൂ ; 10 കോടി രൂപയ്ക്ക് മേലെ ഉള്ളത് എറണാകുളം ജില്ലയിൽ 10 കോടി രൂപയ്ക്ക് മേലെ ചെലവു വരുന്ന സെൻട്രൽ അർബൻ അഫയേഴ്സിന്റെ അംഗീകാരം കിട്ടിയ രണ്ട് പദ്ധതികളുണ്ട്. ഒന്ന് അങ്ങേയ്ക്ക് അറിയാവുന്ന ഹഡ്കോ പദ്ധതിയാണ്. അത് 1995 ഡിസംബർ 27-ന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം കിട്ടിയ ഒന്നാണ്. മറ്റൊന്ന് ചൊവ്വര പദ്ധതി. അങ്ങേയ്ക്ക് അറിയാവുന്ന പോലെ 1997 ഫെബ്രുവരി 7-ന് അംഗീകാരം കിട്ടിയതാണ്. ഈ രണ്ട് പദ്ധതികളാണ് യഥാർത്ഥത്തിൽ എറണാകുളം ജില്ലയിലുള്ളത്. 1995-ൽ അംഗീകാരം കിട്ടിയ ഹഡ്കോ പദ്ധതിയ്ക്ക് 1995-ൽ തന്നെ നിർമ്മാണ ജോലി തുടങ്ങി. ദൗർഭാഗ്യകരമെന്നു പറയട്ടേ ആ പദ്ധതി ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയാണ്. 1997 ഫെബ്രുവരി മാസം 4-ാം തീയതി ഉണ്ടാക്കിയ ഒത്തുതീർപ്പു ചർച്ചയുടെ അടിസ്ഥാനത്തിൽ ഹഡ്കോ പദ്ധതി പൈപ്പിൻ ഘടകം 1998 ഒക്ടോബറിൽ പൂർത്തിയാക്കണമെന്ന് പറഞ്ഞതാണ്. ഹഡ്കോ പദ്ധതി മുഴുവനായി 1999-ൽ പൂർത്തിയാക്കാമെന്ന് പറഞ്ഞു. ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. 1999 ഒക്ടോബർ മാസം 4-ാം തിയതി എറണാകുളത്ത് കൊച്ചിൻ കോർപ്പറേഷൻ ഹാളിൽ വന്ന് ഞങ്ങളെയൊക്കെ വിളിച്ചുകൂട്ടി (ഈ ഹഡ്കോ പദ്ധതിയുടെ തടസ്സം എന്നു പറയുന്നത് ഭൂമി ഏറ്റെടുക്കലാണല്ലോ) ഭൂമി ഏറ്റെടുക്കാൻ വേണ്ടി ഒരു സ്പെഷ്യൽ പാക്കേജ് ആറു മാസത്തിനകം നടപ്പാക്കുമെന്ന് പ്രഖ്യാപിക്കുകയുണ്ടായി. ഇപ്പോൾ ഒന്നര വർഷം കഴിഞ്ഞിരിക്കുന്നു. ഇതുവരെ ഭൂമി എടുക്കാനുള്ള സ്പെഷ്യൽ പാക്കേജ് നടപ്പാക്കിയില്ല. യഥാർത്ഥ ഉടമകൾ ഭൂമി വിട്ടു തരാൻ തയ്യാറാണ്. ഭൂവുടമകൾ അങ്ങനെ ബന്ധപ്പെടാറുണ്ടല്ലോ. യഥാർത്ഥത്തിൽ ഇപ്പോഴുള്ള തടസ്സം ഭൂമി ഏറ്റെടുക്കാനുള്ള പണം അങ്ങ് കൊടുക്കുന്നില്ല എന്നതാണ്. കഴിഞ്ഞ സഭയിൽ ഇത് ഞാൻ ഉന്നയിച്ചപ്പോൾ അങ്ങു പറഞ്ഞു "ധനകാര്യവകുപ്പ് പണം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുന്നില്ല" എന്ന്. ധനകാര്യവകുപ്പ് പണം കൊടുക്കാത്തതുകൊണ്ടാണ് ഹഡ്കോ പദ്ധതിക്ക് വേണ്ടിയുള്ള ഈ സ്ഥലം ഏറ്റെടുക്കാൻ, സ്പെഷ്യൽ പാക്കേജ് നടപ്പാക്കാൻ കഴിയാതെ പോകുന്നത്. അതുകൊണ്ട് ഗവൺമെന്റ് പ്രഖ്യാപിച്ചതുപോലെ ഹഡ്കോ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ ഇനി ഈ ഗവൺമെന്റിന് ആകുമോ എന്ന് എനിക്കറിയില്ല. വലിച്ചു നീട്ടിക്കൊണ്ടിരിക്കുകയാണ്. ജനങ്ങളാകട്ടെ വെള്ളം കിട്ടാതെ ജന പ്രതിനിധികളെ ചുറ്റിപ്പറ്റി നിൽക്കുകയാണ്. അങ്ങും ഉദ്യോഗസ്ഥന്മാരും ഇവിടെ ഇരുന്നാൽ മതി. ഞങ്ങളെപ്പോലുള്ള ആളുകൾ ഈ വെള്ളം കിട്ടാതെ വരുന്ന ജനങ്ങളുടെ പീഡനം സഹിച്ചു കഴിഞ്ഞു വരികയാണ്. ടാങ്ക് പണിയേണ്ട ഘട്ടം വന്നപ്പോൾ ഒന്നര വർഷമായി തടസ്സമാണ്. ഇപ്പോഴും പണി ആരംഭിച്ചിട്ടില്ല. പള്ളുരുത്തി, മട്ടാഞ്ചേരി ഇവയുടെ പണിയും ആരംഭിച്ചിട്ടില്ല. രണ്ടിന്റേയും നടപടിക്രമങ്ങൾ ഒരിടത്തും എത്തിയിട്ടില്ല. ഈ ഹഡ്കോ പദ്ധതിക്കുവേണ്ടിയാണ് ഞാനും കൂടി മുൻകൈ എടുത്ത് എറണാകുളത്ത് വാട്ടർ അതോറിറ്റിക്ക് വേണ്ടി ഒരു ചീഫ് എൻജിനിയർ ഓഫീസ് ആരംഭിച്ചത്. ദൗർഭാഗ്യകരമെന്ന് പറയട്ടെ ടെണ്ടർ നടപടിക്രമങ്ങളൊക്കെ തിരുവനന്തപുരത്തിന് കൊണ്ടുപോയി നടപ്പാക്കാനാണ് ശ്രമിക്കുന്നത്. ആ പണി ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയാണ്. പണമില്ലാതെ എന്തുചെയ്യും ? അടിയന്തിരമായി ഈ ഹഡ്കോ പദ്ധതി പൂർത്തിയാക്കാൻ അങ്ങ് നടപടി സ്വീകരിക്കണം.

മറ്റൊന്ന് വടക്കേക്കര നിയോജകമണ്ഡലത്തിലും പറവൂർ നിയോജക മണ്ഡലത്തിലും എന്റെ നിയോജകമണ്ഡലമായ വൈപ്പിൻകരയിലെ വടക്കൻപഞ്ചായത്തുകൾക്കും വേണ്ടിയുള്ള ചൊവ്വര പദ്ധതിയാണ്. ആ പദ്ധതിക്ക് 1997-ൽ അംഗീകാരം കിട്ടിയതാണ്. 1998-ൽ എൽ.ഐ.സി. 38 കോടി രൂപ അനുവദിച്ചിരുന്നു. ആദ്യം നമ്മൾ കേരള കൺസ്ട്രക്ഷൻ കോർപ്പറേഷനെ ഏൽപ്പിക്കാൻ വേണ്ടി ചർച്ച നടത്തി. അത് നീണ്ടുനീണ്ടു പോയി. എങ്ങും എത്തിയില്ല. അവസാനം കേന്ദ്ര ഗവൺമെന്റ് പൊതുമേഖലാ സ്ഥാപനമായ എൻ.പി.സി.സി.യുമായി നെഗോഷിയേറ്റ് ചെയ്ത് ധാരണയിലെത്തി. കഴിഞ്ഞ ഡിസംബർ മാസം 28-ാം തീയതി അങ്ങയുടെ ചേംബറിൽ വച്ച് അങ്ങയുടെ അദ്ധ്യക്ഷതയിൽ മന്ത്രി ശ്രീ. ശർമ്മ, ശ്രീമാൻ പി. രാജു, ഞാൻ അടക്കം ഉള്ളവർ ചേർന്ന് ഇത് എൻ.പി.സി.സി. ക്ക് കൊടുക്കാൻ തീരുമാനം എടുത്തു. ആ തീരുമാനം എന്തെന്നറിയില്ല. അങ്ങുതന്നെ റിഡ്രാ ചെയ്തു ; റദ്ദാക്കിയിരിക്കുന്നു. ഇപ്പോൾ വീണ്ടും ടെണ്ടർ ചെയ്യാൻ പോകുന്നു. അതിന്റെ അർത്ഥം ഈ ചൊവ്വര പദ്ധതി ടെണ്ടർ ചെയ്യാൻ ഇനിയും മിനിമം ഒന്നര വർഷം വേണ്ടി വരും. അടുത്ത കാലത്തെങ്ങും വടക്കേക്കരയിലും പറവൂരിലും ഞാറയ്ക്കലിലും വെള്ളം എത്താൻ പോകുന്നില്ല. അങ്ങനെ വർഷങ്ങൾക്ക് മുൻപ് ആരംഭിച്ച ഈ പദ്ധതികൾ ഇഴഞ്ഞു നീങ്ങിക്കൊണ്ടിരിക്കുകയാണ്. സർക്കാരിന്റെ അനാസ്ഥ ഇതിലുണ്ട്, പണം ഇല്ലാത്തതുകൊണ്ട്. ഞാൻ ചുരുക്കുകയാണ്. കുടിവെള്ള ക്ഷാമം കേരളത്തിന്റെ എല്ലാ ഭാഗത്തുമുണ്ട്. എറണാകുളം ജില്ലയിൽ കൂടുതലായിട്ടുണ്ട്, പ്രത്യേകിച്ച് എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ പ്രദേശങ്ങളിൽ. കൊച്ചിൻ കോർപ്പറേഷൻ, പശ്ചിമകൊച്ചി മുഴുവനും ഇന്ന് കുടി വെള്ള ക്ഷാമത്തിന്റെ പിടിയിൽപ്പെട്ടിരിക്കുകയാണ്. ജനങ്ങൾ നെട്ടോട്ടമോടി

LIBRARY ARCHIVES Kerala Legislative Assembly

ക്കൊണ്ടിരിക്കുകയാണ്. ഇതിനൊര് പരിഹാരമുണ്ടാക്കണം. അടിയന്തിരമായി താൽക്കാലിക സംവിധാനങ്ങൾ ഏർപ്പെടുത്തണം. ലോറിയിലും ബാർജിലും കുടിവെള്ളം എത്തിച്ചു കൊടുക്കണം. ധനകാര്യവകുപ്പിനെ ബന്ധപ്പെട്ട് പണം കൊടുക്കണം. ഇല്ലെങ്കിൽ ഒരു സ്ഫോടനാത്മക അന്തരീക്ഷം ഉണ്ടാകാൻ പോവുകയാണ്. ഞാനിപ്പറഞ്ഞ മറ്റ് ബൃഹത്തായ പദ്ധതികളായ ഹഡ്കോ പദ്ധതിയും ചൊവ്വര പദ്ധതിയും പൂർത്തിയാക്കിക്കൊണ്ട് കൊച്ചിൻ നിവാസികളെ, തീരദേശനിവാസികളെ രക്ഷിക്കാൻ അങ്ങ് മുൻകൈ എടുക്കണം എന്ന് ഞാൻ അപേക്ഷിക്കുന്നു.

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) : സർ, എറണാകുളം ജില്ലയിൽ എല്ലാക്കാലത്തും കുടിവെള്ളക്ഷാമം ഉള്ളതാണ്. കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് കോർപ്പറേഷനും വാട്ടർ അതോറിറ്റിയും ജില്ലാ കളക്ടറുടെ ചുമതലയിൽ ടാങ്കർ ലോറിയിലും ബാർജുകളിലും ഒക്കെ വെള്ളം കൊടുത്തുകൊണ്ടിരിക്കുകയാണ്. അത് മുടങ്ങാതെ കൊടുക്കുന്നുണ്ട്. കളക്ടർക്കും കോർപ്പറേഷനും ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം സാമ്പത്തിക പ്രശ്നത്തിന്റെ പേരിൽ കുടിവെള്ളം കൊടുക്കുന്ന പ്രക്രിയയിൽ യാതൊരു പോരായ്മയും ഉണ്ടാകരുതെന്നാണ് ചിലപ്പോഴൊക്കെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അവിടെ ലോറി സമരങ്ങൾ സ്വാഭാവികമായും സ്പൊണ്ടേനിയസായി വന്നിട്ടുണ്ട്. അപ്പോഴൊക്കെ കളക്ടർ വളരെ താൽപ്പര്യം എടുത്ത് ആ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ശ്രമിച്ചിട്ടുണ്ട്. എം.എൽ.എ.മാരുടെ സഹായം തേടിയിട്ടുണ്ട് എന്നാണ് അദ്ദേഹം എനിക്ക് റിപ്പോർട്ട് ചെയ്തത്. എന്തായാലും ഇപ്പോൾ ഗവൺമെന്റ് കൊടുത്തിരിക്കുന്ന നിർദ്ദേശം സാമ്പത്തികമായ പ്രശ്നത്തിന്റെ പേരിൽ വെള്ളം കൊടുക്കുന്ന കാര്യത്തിലും ലോറിയിൽ വെള്ളം കൊടുക്കുന്ന കാര്യത്തിലും യാതൊരു വീഴ്ചയും ഉണ്ടാകരുതെന്നാണ്. എറണാകുളത്തെ സംബന്ധിച്ചിടത്തോളം കുറച്ച് പ്രശ്നം ഉണ്ട്. കുടിവെള്ള പ്രശ്നത്തെ സംബന്ധിച്ച് അതിന് പരിഹാരം കാണുന്നതിന് കോർപ്പറേഷനുമായി ബന്ധപ്പെട്ട ഒരു വാട്ടർ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കണം എന്ന് ഗവൺമെന്റ് നിർദ്ദേശിച്ചിരുന്നു. അതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണ്. പിന്നെ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ രണ്ട് പ്രധാനപ്പെട്ട പദ്ധതികളിൽ ഒന്ന് ഹഡ്കോ പദ്ധതിയാണ്. സർ, വളരെ വർഷങ്ങൾക്കു മുമ്പു തന്നെ അത് പൂർത്തിയാക്കേണ്ടതായിരുന്നു. സ്വാഭാവികമായും സ്ഥലം എടുപ്പിനെ സംബന്ധിച്ചുണ്ടായ തർക്കങ്ങൾ ; ഹൈക്കോടതിയിലെ കേസുകൾ- ആ കേസുകൾ സുപ്രീംകോടതിവരെ പോയി. ആ കേസുകളൊക്കെ നില നിൽക്കുമ്പോൾ ഞാൻ തന്നെ എം.എൽ.എ. മാരേയും അവിടത്തെ ഭൂമി ഉടമകളേയും ഒക്കെ വിളിച്ചുകൂട്ടി പരമാവധി സമന്വയിപ്പിച്ച് ഈ ഭൂമി വിട്ടുകൊടുക്കാൻ, അഡ്വാൻസായി വിട്ടുകൊടുക്കാൻ ആവശ്യമായ നിർദ്ദേശങ്ങളും ചർച്ചകളും നടത്തിയിരുന്നു. അവസാനം അവർ സമ്മതിച്ചു. സമ്മതിച്ചത് ഒരു കണ്ടീഷനിൽ ആണ്. ഒരു പാക്കേജ് സ്കീം അവർക്ക് പ്രയോജനപ്രദമായ നിലയിൽ തയ്യാറാക്കണം എന്നു പറഞ്ഞാണ് അവർ സമ്മതിച്ചത്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ പാക്കേജ് സ്കീം തയ്യാറാക്കിയിട്ടുണ്ട്. ആ പാക്കേജ് സ്കീം അത് ഇംപ്ലിമെന്റ് ചെയ്യുന്ന കാര്യത്തിൽ ചെറിയ സാങ്കേതിക തടസ്സം ഉണ്ട്. ധനകാര്യവകുപ്പും ഇറിഗേഷൻ വകുപ്പും തമ്മിൽ ചർച്ച നടന്നു കൊണ്ടിരിക്കുകയാണ്. അത് താമസിയാതെ പൂർത്തിയാക്കി ആ പാക്കേജ് പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എറണാകുളം ജില്ലയിൽ പ്രത്യേകിച്ചും കൊച്ചിയിലും സമീപ പഞ്ചായത്തുകളിലും ദീർഘകാല അടിസ്ഥാനത്തിൽ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിനാണ് ഈ രണ്ട് പ്രധാനപ്പെട്ട പദ്ധതികൾ ജലഅതോറിറ്റി ഏറ്റെടുത്തിരിക്കുന്നത്. ഒന്നാമത്തേത് അൻപത്തിയെട്ടര കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഹഡ്കോ പദ്ധതിയാണ്. രണ്ടാമത്തേത് 37.23 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന ചൊവ്വര പദ്ധതിയാണ്. കൊച്ചി കോർപ്പറേഷനും സമീപ മുനിസിപ്പാലിറ്റി പ്രദേശങ്ങളും ഉൾപ്പെടുന്ന പ്രദേശത്തെ 2001-ലെ ജനസംഖ്യ 15.07 ലക്ഷം ആണ്. അവിടത്തെ പ്രതിദിന ജലത്തിന്റെ ആവശ്യം 448.5 ദശലക്ഷം ലിറ്റർ ജലമാണ്. പക്ഷേ ഇപ്പോൾ 190 ദശലക്ഷം ലിറ്റർ ജലം മാത്രമാണ് വിതരണം ചെയ്യാൻ സാധിക്കുന്നത്. അതിന്റെ ബുദ്ധിമുട്ട് സ്വാഭാവികമായും ഉണ്ടാകും. ഹഡ്കോ പദ്ധതിയുടെ ഭാഗമായി 35.5 ദശലക്ഷം ലിറ്റർ പ്രതിദിനം ശേഷിയുള്ള ശുദ്ധീകരണശാലയുടെ പണി കഴിഞ്ഞിട്ടുണ്ടെങ്കിലും 1200 എം.എം. പമ്പിംഗ് മെയിനിന്റെ പണി കഴിയാത്തതു കൊണ്ട് ഈ ജലം കൊച്ചിയിൽ എത്തിക്കാൻ കഴിയുന്നില്ല. ആലുവ മുതൽ സംസ്ക്കാര ജംങ്ഷൻ വരെയുള്ള 15.3 കിലോ മീറ്റർ നീളത്തിൽ പല ഭാഗങ്ങളിലും ഇനിയും ഭൂമി ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് സുപ്രീംകോടതിയിൽ കേസുകൾ നിലവിലുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഉടനെതന്നെ സ്വീകരിക്കുന്നതാണ്. പമ്പിംഗ് മെയിനിന്റെ പണികൾ തീർക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ചിട്ടുണ്ട്. സംസ്ക്കാര ജംങ്ഷൻ മുതൽ പള്ളുരുത്തി വരെയുള്ള പണികളെല്ലാം ടെണ്ടർ വിളിച്ച്, ഓഫറുകൾ പരിശോധിച്ചു വരുന്നു. വൈപ്പിൻ കമ്പോണിന്റെ പണികൾ വിവിധ ഘട്ടങ്ങളിൽ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. സർ, വൈപ്പിൻ പ്രദേശത്തെ ആവശ്യം 180 ദശലക്ഷം ലിറ്റർ വെള്ളമാണ്. ഇപ്പോൾ നിലവിലുള്ള സംവിധാനമനുസരിച്ച് 95 ദശലക്ഷം ലിറ്റർ വെള്ളം മാത്രമേ അവിടെ വിതരണം ചെയ്യാൻ സാധിക്കുന്നുള്ളു. അതിന്റേതായ ബുദ്ധിമുട്ട് സ്വാഭാവികമായി അവിടെയുണ്ടാകും. പള്ളുരുത്തിയിലേക്കുള്ള ടാങ്കിന്, ഒരു പ്രദേശത്തെ ടാങ്കിനുള്ള സ്ഥലം വിട്ടു കൊടുത്തു. ആ ടാങ്കു പണിയാൻ കരാറുകാരനും ഉദ്യോഗസ്ഥന്മാരും ചെന്നപ്പോൾ അവിടെ തർക്കം. എം.എൽ.എ. മാരൊക്കെ മദ്ധ്യസ്ഥത പറയാൻ പോയി. പല എം.എൽ.എ. മാർ കൂട്ടായി ശ്രമിച്ചിട്ടുപോലും ആ ടാങ്ക് കെട്ടുന്നതിനുള്ള സ്ഥലം ഒരു കോമ്പ്രമൈസ് ടാക്കിൽ ഏറ്റെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ അവരുമായി ഗവൺമെന്റും കൂടി ഇടപെട്ട് ചർച്ച ചെയ്തതിനുശേഷം ഏകദേശം ആ സ്ഥലത്തെ സംബന്ധിച്ച് തർക്കം പരിഹരിക്കപ്പെട്ടിരിക്കുകയാണ്. 21-4-1998-ലാണ് ജലസേചന വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വച്ച് ചൊവ്വര പദ്ധതി ടേൺ കീ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഒറ്റ ഏജൻസിയെക്കൊണ്ട് നടപ്പിലാക്കാനുള്ള തീരുമാനം എടുത്തത്. വാട്ടർ

LIBRARY ARCHIVES Kerala Legislative Assembly

സപ്ലൈ സ്കീം വിശേഷിച്ചും, വളരെ ബൃഹത്തായ വിപുലമായ വാട്ടർസപ്ലൈ സ്കീമുകളൊക്കെ കഴിഞ്ഞ കാലത്ത് താമസിക്കുന്നു എന്നുള്ളതുകൊണ്ട് സമയ ബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്ത സാഹചര്യം നിലനിന്നതുകൊണ്ട് അതിന്റെ ബുദ്ധിമുട്ടും പ്രത്യേകമായ പ്രശ്നങ്ങളും മനസ്സിലാക്കിയിട്ടാണ് ടേൺ കീ കോൺട്രാക്ട് സിസ്റ്റം വാട്ടർ അതോറിറ്റിയിൽ ഏർപ്പെടുത്താൻ തീരുമാനിച്ചത്. അതിന്റെ അടിസ്ഥാനത്തിൽ ആദ്യം ചൊവ്വര വാട്ടർ സപ്ലൈ സ്കീം തന്നെ ആരംഭിച്ചികളയാമെന്നു വിചാരിച്ചാണ് അതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിച്ചത്. അപ്പോൾ അതിന് കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനിൽ നിന്നും ടേൺ കീ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഓഫറുകൾ വാങ്ങിച്ചു. അതോറിറ്റി അത് പരിശോധിക്കുകയുണ്ടായി. കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ റേറ്റ് വളരെ കൂടുതലായിരുന്നു. എന്നു വച്ചാൽ സാമാന്യ രീതിക്കു പോലും അടുക്കാത്ത രീതിയിൽ വളരെ കൂടുതലായിരുന്നു. കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി പല തവണ നെഗോസിയേഷൻ നടത്തിയെങ്കിലും അവർ റേറ്റ് കുറയ്ക്കാൻ തയ്യാറായില്ല. ഗവൺമെന്റ് തലത്തിലും ഒരു പ്രത്യേക കമ്മിറ്റി കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി നെഗോസിയേഷൻ നടത്താൻ തീരുമാനിച്ചിരുന്നു. നെഗോസിയേഷൻ ഫലവത്താകാത്തതിനാൽ 13-6-2000-ൽ ചൊവ്വര പദ്ധതി ഇ.പി.സി.എം.പ്രകാരം ടെണ്ടർ വിളിക്കാൻ ഗവൺമെന്റ് വാട്ടർ അതോറിറ്റിക്ക് നിർദ്ദേശം നൽകി. അതിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റി 12-2-2001-ൽ ടെണ്ടർ തുറക്കത്തക്ക വിധത്തിൽ ദർഘാസുകൾ വിളിച്ചു. അതിനിടയിലാണ് 28-10-2000-ൽ നാഷണൽ പ്രോജക്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ഒരു ഓഫർ ജല അതോറിറ്റിക്ക് അയച്ചുകൊടുത്തു. അതിന്മേൽ ജല അതോറിറ്റിയുടെ അഭിപ്രായം ആരായുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ അതോറിറ്റി എൻ.പി.സി.സി. ഓഫറിന്റെ വിശദമായ പരിശോധന നടത്തുകയുണ്ടായി. അതിനിടയിൽ ചില പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റ് തലത്തിൽ തീരുമാനമെടുത്തു. എൻ.പി.സി.സി.ക്ക് വർക്ക് കൊടുക്കുന്നതിനെ സംബന്ധിച്ച് വ്യാപകമായ പരാതി ഉണ്ടായി. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ഇത് കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഓർഗനൈസേഷൻ ആണെന്നുള്ളത് ഒരു സത്യമാണ്. പക്ഷേ അവർ തിരുവനന്തപുരം കോർപ്പറേഷനിൽ തന്നെ വർക്ക് ഏറ്റെടുത്തിട്ടുണ്ട്. അത് വളരെ ഫലപ്രദമായും നല്ല നിലയിലും ചെയ്യുന്നുണ്ട്. പക്ഷേ അവർ നേരിട്ടല്ല ചെയ്യുന്നത്. സബ് ഏജൻസികൾക്ക് കൊടുത്താണ് ചെയ്യുന്നത്. അതുകൊണ്ട് ഇത് പരിശോധിക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് അത് പരിശോധിച്ചപ്പോഴാണ് ആ നിർദ്ദേശം ചില പരാതികളുടെ അടിസ്ഥാനത്തിൽ മാറ്റാൻ തീരുമാനിച്ചത്. ഇ.പി.സി.എം. പ്രകാരം തന്നെ ദർഘാസുകൾ ക്ഷണിക്കാനായി 14-2-2001-ന് നിർദ്ദേശം നൽകുകയുണ്ടായി. ഈ മാസം 14-ാം തീയതി നിർദ്ദേശം കൊടുത്തു. ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ചൊവ്വര പദ്ധതിയുടെ പണികൾക്കായി 20-4-2001 അവസാന ദിവസമാക്കി റീജിയണൽ ചീഫ് എൻജിനീയർ ടെണ്ടർ വിളിച്ചിരിക്കുകയാണ്. ടെണ്ടർ വിളിച്ചു കഴിഞ്ഞു. ബഹുമാനപ്പെട്ട മെമ്പർ ഇനി രണ്ടു കൊല്ലം കഴിഞ്ഞേ ടെണ്ടർ വിളിക്കൂ എന്നൊക്കെ പറഞ്ഞത് ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ വിളിച്ചു കഴിഞ്ഞു. ഫെബ്രുവരി രണ്ടാം തീയതിയാണ് ടെണ്ടറിന്റെ ഷെഡ്യൂളിന്റെ സെയിൽസ് 8-ാം തീയതിയോ 9-ാം തീയതിയോ പൂർത്തിയാകും. അതിനുശേഷം അവസാന ദിവസം 20-4-2001-ൽ ഈ പണികൾ തീരുന്ന മുറയ്ക്ക് കൊച്ചിയിലും പരിസര പ്രദേശങ്ങളിലുമുള്ള ജലക്ഷാമത്തിന് കുറച്ചൊക്കെ പരിഹാരമുണ്ടാകുന്നതാണ്.

ഡോ. എം. എ. കുട്ടപ്പൻ : സർ, ഹഡ്കോ പദ്ധതിയും ചൊവ്വര പദ്ധതിയും, സമയബന്ധിതമായി പൂർത്തിയാക്കാൻ ജനപ്രതിനിധികളും ഉയർന്ന ഉദ്യോഗസ്ഥൻമാരും അടങ്ങുന്ന ഒരു ഹൈ പവർ ഇംപ്ലിമെന്റേഷൻ കമ്മിറ്റി രൂപീകരിക്കാൻ ഗവൺമെന്റ് സന്നദ്ധമാകുമോ ?

ശ്രീ. വി. പി. രാമകൃഷ്ണപിള്ള : അതാലോചിക്കാം. ഇവയുടെ പ്രവർത്തനങ്ങൾക്കൊക്കെ ഞാൻ നേരത്തെ സൂചിപ്പിച്ചത് മാനേജുമെന്റ് കമ്മിറ്റി എന്നൊക്കെ പറയുമ്പോൾ ഹൈ പവർ കമ്മിറ്റി പോലെ തന്നെ ഒരു കമ്മിറ്റി രൂപീകരിക്കുന്നതിനെ സംബന്ധിച്ചാണ് ഗവൺമെന്റിന്റെ ശ്രദ്ധയിലുള്ളത്. ബഹുമാനപ്പെട്ട എം.എൽ.എ. പറഞ്ഞതു പോലെ അങ്ങനെയൊരു കമ്മിറ്റി രൂപീകരിക്കുന്നത് അവിടത്തെ രണ്ടു വർക്കുകൾക്കും-ചൊവ്വര പദ്ധതിയുടേയും ഹഡ്കോ പദ്ധതിയുടെയും വർക്കുകളുടെ തടസ്സം നീക്കാനും തർക്കങ്ങൾ പരിഹരിക്കാനും സഹായിക്കുന്ന നിലയിൽ ആ കമ്മിറ്റിയെ സംഘടിപ്പിക്കുന്നതിനെക്കുറിച്ച് ആലോചിക്കാം.

(2) കേന്ദ്ര സർക്കാരിന്റെ ഇറക്കുമതി നയംമൂലം സംസ്ഥാന കാർഷികമേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. സി. കെ. രാജേന്ദ്രൻ : സർ, 1991-ൽ കോൺഗ്രസ് (ഐ) ഗവൺമെന്റ് തുടങ്ങിയതും ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റ് ശക്തികൂട്ടി നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതുമായ പുത്തൻസാമ്പത്തിക നയം കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയുടെ നട്ടെല്ല് തകർത്തിരിക്കുകയാണ്. ഈ നയം ഉണ്ടാക്കാൻ പോകുന്ന കെടുതികളും പ്രത്യാഘാതങ്ങളും ചൂണ്ടിക്കാണിച്ചതുകൊണ്ട് 1991 മുതൽ തന്നെ ഒട്ടേറെ സമരങ്ങളും പ്രക്ഷോഭങ്ങളും ഇടതുപക്ഷ പ്രസ്ഥാനങ്ങൾ കേരള സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്. അടുത്ത കാലത്തായി കേരളത്തിലെ എൽ.ഡി.എഫ്. ന്റെ എം.പി. മാരും എം.എൽ.എ.മാരും ഡൽഹിയിൽ പോയി സമരം നടത്തി. എൽ.ഡി.എഫ്. കർഷകരും കർഷത്തൊഴിലാളികളും സമരം നടത്തി. വർഗ്ഗ ബഹുജനസംഘടനകളുടെ ലക്ഷങ്ങൾ പങ്കെടുത്തുകൊണ്ട് മനുഷ്യച്ചങ്ങല നടത്തി. കേരളത്തെ രക്ഷിക്കുകയെന്നാവശ്യപ്പെട്ടുകൊണ്ട് ഒട്ടേറെ പ്രക്ഷോഭങ്ങളും സമരങ്ങളും നടന്നിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് അവരുടെ നയത്തിൽ യാതൊരു മാറ്റവും വരുത്താൻ തയ്യാറല്ലെന്നുള്ള നിലപാടാണ് ഇപ്പോഴും വ്യക്തമാക്കുന്നത്. ഈ അവസരത്തിൽ തങ്ങളാണ് തുടങ്ങി വച്ചത് എന്നുള്ളതുകൊണ്ട് കോൺഗ്രസ് ഇതിനെതിരായി പ്രതികരിക്കാൻ തയ്യാറാകുന്നില്ല എന്നത് നിർഭാഗ്യകരമാണ്. ഈ നയം നടപ്പിലാക്കുമ്പോൾ അവർ പറഞ്ഞത് കേരളത്തിന്റെ കാർഷിക സമ്പദ്ഘടനയിൽ വലിയ മുന്നേറ്റം ഉണ്ടാക്കുമെന്നാണ്. പക്ഷേ ഈ നയം നടപ്പിലാക്കുന്നതിനു മുമ്പുവരെ

LIBRARY ARCHIVES Kerala Legislative Assembly